കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത്

2016-17

ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എം.പി.എം.7/1563/2017

ജില്ലാ ഓഡിറ്റ് കാര്യാലയം

മലപ്പുറം

തീയതി.26-07-2017

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ്,(സെക്രട്ടറി മുഖേന)

പാണ്ടിക്കാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

************************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട്, Aims വെബ്സൈറ്റ് മുഖേന പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

3)കാര്യാലയ പകർപ്പ്

എം.എ.7/17

നം കെ.എസ്.എ.എം.പി.എം.7/1563/2017 തിയ്യതി:26-07-2017

മലപ്പുറം ജില്ലയിലെ പാണ്ടിക്കാട് ഗ്രാമ പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പാണ്ടിക്കാട് ഗ്രാമ പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 25-10-2016 മുതൽ 26-6-2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ. എസ്. ഷാജഹാൻ,ഡെപ്യൂട്ടി ഡയറക്ടർ.

------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 27-06-2017 മുതൽ 06-07-2017വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. സി.പി.അബ്ദുൽ സത്താർ. | ഓഡിറ്റ് ഓഫീസർ |
| ശ്രീ. പി. സക്കീർ ഹുസൈൻ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. പി.ടി. സന്തോഷ്. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. കെ. അലി അക്ബർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി. കെ.പി. പ്രേമലത | 01.04.2016 മുതൽ 31.03.2017 വരെ |

സെക്രട്ടറി

| | |
|---|---|
| 1.ശ്രീമതി.ശാലിനി വർഗീസ്. | 01.04.2016 മുതൽ 03.04.2016 വരെ |
| (ഒഴിവ്) | 04.04.2016 മുതൽ 07.04.2016 വരെ |
| 2.ശ്രീ. ജോസ് പ്രകാശ്.ടി.ഐ. | 08.04.2016 മുതൽ 12.05.2016 വരെ |
| 3.ശ്രീമതി.ശാലിനി വർഗീസ്. | 13.05.2016 മുതൽ 21.08.2016 വരെ |

| | |
|---|---|
| 4.ശ്രീ. എം.എ. ഹുസൈൻ. | 22.08.2016 മുതൽ 31.01.2017 വരെ |
| 5.ശ്രീ. ജോസ് പ്രകാശ്.ടി.ഐ. | 01.02.2017 മുതൽ 31.03.2017 വരെ |

മറ്റു നിർവഹണ ഉദ്യോഗസ്ഥർ.

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| 1.കൃഷി ഓഫീസർ | ശ്രീമതി. ഹൃദ്യ അനിൽ | 01.04.2016 മുതൽ 12.06.2016 വരെ |
| | ശ്രീ. ഹംസ കുരിക്കൾ | 13.06.2016 മുതൽ 16.10.2016 വരെ |
| | ശ്രീമതി. ലീന. എസ്.എൽ. | 17.10.2016 മുതൽ 31.03.2017 വരെ |
| 2.വെറ്ററിനറി സർജൻ | ഡോ. രവികുമാർ. എം. | 01.04.2016 മുതൽ 31.03.2017 വരെ |
| 3.മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. ജയനാരായണൻ. എ. എം. | 01.04.2016 മുതൽ 25.07.2016 വരെ |
| | ഡോ. സലീം ലാക്കൽ | 26.07.2016 മുതൽ 31.03.2017 വരെ |
| 4.മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. കാസിം | 01.04.2016 മുതൽ 31.03.2017 വരെ |
| 5.മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. മിധു. കെ. തമ്പി. | 01.04.2016 മുതൽ 21.06.2016 വരെ |
| | ഡോ. ജോഷ്ന | 22.06.2016 മുതൽ 31.03.2017 വരെ |
| 6.വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ. വി. അജയഘോഷ്. | 01.04.2016 മുതൽ 04.08.2016വരെ |
| | ശ്രീ. കെ. എ. അബ്ദുൽ റഷീദ്. | 05.08.2016 മുതൽ 23.11.2016 വരെ |
| | ശ്രീ. പി.കെ. മുഹമ്മദ് ബൈജു. | 24.11.2016 മുതൽ 31.03.2017 വരെ |
| 7.ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. എം. ഉമ്മുകുത്സു. | 01.04.2016 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| 8.അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.കെ. സേതുമാധവൻ | 01.04.2016 മുതൽ 15.07.2016 വരെ |
| | ശ്രീ. മനോജ്. കെ.ജി. | 16.07.2016 മുതൽ 31.03.2017 വരെ |
| 9.ഹെഡ് മാസ്റ്റർ | ശ്രീ. കെ.. മോഹനൻ. | 01.04.2016 മുതൽ 03.06.2016 വരെ |
| | (ഒഴിവ്) | 04.06.2016 മുതൽ 19.09.2016 വരെ |
| | ശ്രീമതി. കെ.ലത. | 20.09.2016 മുതൽ 31.03.2017 വരെ |
| 10.ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.എം. മുഹമ്മദാലി. | 01.04.2016 മുതൽ 31.03.2017 വരെ |
| 11.അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ശാലിനി വർഗീസ്. | 01.04.2016 മുതൽ 04.11.2016 വരെ |
| | (ഒഴിവ്) | 05.11.2016 മുതൽ 08.12.2016 വരെ |
| | ശ്രീ. ജി. മോഹൻദാസ്. | 09.12.2016 മുതൽ 21.12.2016 വരെ |
| | (ഒഴിവ്) | 22.12.2016 മുതൽ 23.01.2017 വരെ |
| | ശ്രീ. ടി.ഐ.ജോസ് പ്രകാശ്. | 24.01.2017 മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 12 | തൊഴിൽ നികുതി പൂർണ്ണമായി പിരിച്ചെടുക്കുന്നില്ല. | 2-1 | |

| | | | |
|---|---|---|---|
| 13 | പരസ്യ നികുതി ബൈലോ തയ്യാറാക്കിയിട്ടില്ല. | 2-2 | |
| ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 14 | സാക്ഷരതാ പ്രേരക്മാർക്ക് ഹോണറേറിയം-തനത് ഫണ്ടിൽ നിന്നും ചെലവാക്കിയ തുക ക്രമീകരിച്ചിട്ടില്ല | 3-1 | |
| 15 | കുടിവെള്ള വിതരണം-ആദായനികുതി അടവാക്കിയിട്ടില്ല | 3-2 | |
| 16 | തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ് അടവാക്കൽ-സംയുക്ത പരിശോധന | 3-3 | |
| 17 | ആശ്രയ- രണ്ടാംഘട്ട പദ്ധതി ആരംഭിച്ചില്ല . | 3-4 | |
| 18 | രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.ചെലവ് തുക തടസ്സം ചെയ്യുന്നു . | 3-5 | |
| 19 | അംഗനവാടിക്ക് സ്ഥലം വാങ്ങൽ-ദാനമായി ലഭിച്ച സ്ഥലത്തിന് വേണ്ടി പണം പിൻവലിച്ചത് അംഗീകരിക്കുന്നില്ല. | 3-6 | |
| 20 | അംഗനവാടി പോഷകാഹാരം സംബന്ധിച്ച അപാകതകൾ | 3-7 | |
| 21 | തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണ പരിപാടി - തുടർ വിവരവും ലഭ്യമാക്കിയിട്ടില്ല. | 3-8 | |
| 22 | തുല്യതാ പഠന പദ്ധതി - രേഖകൾ ലഭ്യമാക്കിയിട്ടില്ല. | 3-9 | |
| 23 | വിജയഭേരി പദ്ധതി- ആവർത്തനം ഒഴിവാക്കിയില്ല. | 3-10 | |
| 24 | ആരോഗ്യ സർവ്വേ - പൂർത്തിയായിട്ടില്ല. | 3-11 | |
| 25 | മരുന്ന് ലഭ്യമാക്കിയിട്ടില്ല. | 3-12 | |
| 26 | ഔഷധിയിൽ നിന്നും മരുന്നുകൾ മുഴുവനായും ഇനിയും ലഭിച്ചിട്ടില്ല.. | 3-13 | |
| 27 | കുടിവെള്ള പദ്ധതി -പൂർത്തീകരണ വിവരം ലഭ്യമല്ല.. | 3-14 | |

| | | | |
|---|---|---|---|
| 28 | റോഡ് വർക്കുകൾ- സോളിങ്ങ് മാത്രം നിർവഹിച്ച് അവസാനിപ്പിക്കുന്നു. | 3-15 | |
| 29 | ടാർ വാങ്ങുന്നതിനായി തുക പിൻവലിച്ചു-പ്രവർത്തി ഓഡിറ്റ് വർഷം പൂർത്തിയായില്ല. | 3-16 | |
| 30 | മരാമത്ത് പ്രവൃത്തികൾ - പൊതു അപാകതകൾ. | 3-17 | |
| 31 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ- മരുന്ന് ലഭ്യമായില്ല . | 3-18 | |
| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 32 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 33 | ഡെപ്പോസിറ്റ് ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 35 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 36 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 37 | ഓഡിറ്റ് റിക്കവറി | 4-6 | |
| 38 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 41 | അനുബന്ധം: ഓഡിറ്റ് സാക്ഷ്യപത്രം | | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17ലെ ബജറ്റ് 23-03-2016ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് അവതരിപ്പിച്ച അതേ ദിവസം ഉച്ചയ്ക്ക് ശേഷം അംഗീകരിച്ചതായി കാണുന്നതിനാൽ, അംഗങ്ങൾക്ക് വിശദമായ പരിശോധനയ്ക്കും ചർച്ചയ്ക്കും അവസരം ലഭിച്ചുവോ എന്ന് ഉറപ്പു വരുത്തുവാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-07-2017 | 05-06-2017 | - | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | (ഓഡിറ്റിന്റെ ഭാഗമായി) | അനുബന്ധമായി ചേർത്തിട്ടുണ്ട്. |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

വാർഷിക കണക്ക് പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ പറയുന്നു.

1. അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറുന്ന സാമ്പത്തിക വർഷത്തിന് മുമ്പുള്ള ആസ്തികളുടെ വിവരം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

2.വസ്തു നികുതി, കറന്റ് ഡിമാന്റ് /കുടിശ്ശിക ഡിമാന്റ് ലഭ്യമാക്കാത്തതിനാൽ വാർഷിക കണക്കുമായി ഒത്തു നോക്കാൻ സാധിച്ചിട്ടില്ല.

4. റസീപ്റ്റ് & പേയ്മെന്റ് അക്കൌണ്ടിൽ പ്രയർ പിരീയഡ് ഐറ്റംസ് 54,170 ആണ്. എന്നാൽ, ഇൻകം & എക്സ്പ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രയർ പിരീയഡ് ഐറ്റംസ് 54,290 ആണ്.

5. സാമ്പത്തിക പത്രികയിൽ മുൻ വർഷത്തെ താരതമ്യ തുക രേഖപ്പെടുത്തിയിട്ടില്ല.

6. ബഡ്ജറ്റ് പ്രൊവിഷൻ പ്രകാരമുള്ള തുക സാംഖ്യ എ.സി.ആറിൽ രേഖപ്പെടുത്തിയിട്ടില്ല.

7.2015-16സർട്ടിഫിക്കറ്റിൽ കാണിച്ചിരുന്ന അപാകതകൾ മുഴുവനും പരിഹരിച്ചിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,68,50,526 |
| വരവ് | 6,72,62,375 |
| ആകെ | 9,41,12,901 |
| ചെലവ് | 5,37,43,173 |
| നീക്കിയിരുപ്പ് | 4,03,69,728 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് | ചെലവ് ശതമാനം | നീക്കിബാക്കി 40(b) പ്രകാരം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,93,07,679 | 1,93,07,679 | 1,09,53,866 | 83,53,813 | 57 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1,05,21,348 | 1,05,21,348 | 60,92,877 | 44,28,471 | 58 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 5,604 | 5,604 | 0 | 5,604 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 1,05,43,866 | 1,05,43,866 | 28,33,548 | 77,10,318 | 27 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 52,73,583 | 52,73,583 | 22,59,363 | 30,14,220 | 43 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 1,08,27,847 | 1,08,27,847 | 70,54,969 | 37,72,878 | 65 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 56,70,413 | 56,70,413 | 7,69,574 | 49,00,839 | 14 | 0 |
| എം. ജി. എൻ. ആർ. ഇ. ജി. എസ്. | 9,906 | 1,57,08,182 | 1,57,18,088 | 1,56,86,993 | 31,095 | 99 | 31095 |
| ബി ഫണ്ട് | 0 | 1,75,54,190 | 1,75,54,190 | 1,75,54,190 | 0 | 100 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 253 | 8,43,02,511 | 111 | 3,90,01,479 | 132 | 10 | 44 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-7 തനത് വരുമാനം.

മുൻ വർഷത്തെ അപേക്ഷിച്ച് ഗ്രാമപഞ്ചായത്തിന് തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം വർധന ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 27,08,005 | 86,34,374 | (+)59,26,369 | (+)219 |
| നികുതിയേതര വരവുകൾ | 77,31,000 | 58,01,188 | (-)19,29,812 | (-)25 |
| മറ്റുവരവുകൾ | 1,45,96,644 | 1,60,52,604 | (+)14,55,960 | (+)10 |
| ആകെ | 2,50,35,649 | 3,04,88,166 | (+)54,52,517 | (+)22 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്ക ളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 4,50,240 | 296 |
| കർഷകതൊഴിലാളി പെൻഷൻ | 28,95,150 | 1, 216 |
| വിധവാപെൻഷൻ | 53,88,550 | 2,094 |
| വാർദ്ധക്യകാലപെൻഷൻ | 58,57,900 | 2,362 |
| വികലാംഗപെൻഷൻ | 18,91,350 | 752 |

| | | |
|---|---|---|
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത പെൻഷൻ | 3,21,000 | 118 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 7,50,000 | 25 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് 3-7-2017 തിയ്യതിയിൽ 2.40 PM ന് നടത്തി. കാഷ് ബാലൻസ് 9,715രൂപയുടെ കൃത്യത ബോധ്യപ്പെട്ടു. (പിരിച്ചെടുത്ത തുക അതാതു ദിവസം തന്നെ ബാങ്കിൽ അടക്കുകയാണ് ചെയ്യുന്നത്.)

## 1-10 ആഭ്യന്തരനിയന്ത്രണം.

1. പഞ്ചായത്തിന്റെ വെബ്സൈറ്റിൽ, 2016-17 വർഷത്തെ ഗുണഭോക്തൃ ലിസ്റ്റ്, ബജറ്റ്, പരിരക്ഷാ ഗുണഭോക്താക്കളുടെ പേരുവിവരം തുടങ്ങിയവ ഓഡിറ്റ് സമയത്തും പ്രസിദ്ധീകരിച്ചിട്ടില്ല.

2. 28-12-2016 ലെ ഭരണസമിതി മീറ്റിംഗിനു ശേഷമുള്ള തീരുമാനങ്ങൾ മിനിട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. അതിനു ശേഷമുള്ളവ 'സകർമ'യിലാണ ചെയ്യുന്നതെന്ന വിശദീകരിച്ചെങ്കിലും, 29-3-17നു ശേഷമുള്ളവയുടെ പ്രിന്റൌട്ട് ലഭ്യമാക്കിയിട്ടില്ല. പ്രസിഡന്റിന്റെ അപ്രൂവൽ കിട്ടാത്തതിനാലാണ് പ്രിന്റൌട്ട് എടുക്കാൻ കഴിയാത്തതെന്നാണ് വിശദീകരിച്ചിട്ടുള്ളത്. പ്രിന്റൌട്ടുകൾ ബൈന്റ് ചെയ്തു സൂക്ഷിക്കേണ്ടതും, കാലതാമസത്തിനു വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

3. കാഷ് വെരിഫിക്കേഷൻ സമയത്ത്, പഞ്ചായത്തിന്റെ കാഷ് ചെസ്റ്റ് തുറക്കാൻ കഴിയാത്തവിധം താക്കോൽ നഷ്ടപ്പെട്ടതായി കാണുകയുണ്ടായി. അതാതു ദിവസം കാഷ് ബാങ്കിൽ അടക്കുന്നതിനാൽ, ചെസ്റ്റ് ഉപയോഗിക്കേണ്ടി വരുന്നില്ലെങ്കിലും, സാഹചര്യത്തിൽ മാറ്റം വരുമ്പോൾ ആവശ്യമായി വരുന്നതാണ്. താക്കോൽ എങ്ങിനെ നഷ്ടപ്പെട്ടുവെന്നും, വീണ്ടെടുക്കുവാൻ സ്വീകരിച്ച തുടർനടപടികളും വിശദീകരിക്കേണ്ടതാണ്.

4. പഞ്ചായത്ത് ഓഫീസിലും പരിസരത്തും ഉപയോഗശൂന്യമായ ഫർണിച്ചറുകളും മറ്റും കൂട്ടിയിട്ടതായി കാണുന്നു. തൻവർഷം 1,050 രൂപ ഉപയോഗശൂന്യമായ വസ്തുക്കളുടെ ലേലത്തിലൂടെ സമാഹരിച്ചതായി വാർഷിക കണക്കിൽ കാണിച്ചിട്ടുണ്ടെങ്കിലും, കോണിക്കൂട്ടിലും മറ്റും കൂട്ടിയിട്ടിരിക്കുന്ന പല വസ്തുക്കളും വർഷങ്ങളായി അങ്ങനെ കിടക്കുന്നവയാണെന്നു വ്യക്തമാകുന്നതിനാൽ , അവ യഥോചിതം കൈയൊഴിക്കുവാൻ ശ്രമിച്ചിട്ടില്ലെന്നു മനസ്സിലാക്കാം. ടി അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

5. പഞ്ചായത്തിനു ലഭ്യമാകേണ്ടിയിരുന്ന പരസ്യ നികുതി, പട്ടികൾക്കുള്ള ലൈസൻസ് ഫീ എന്നിവ പിരിച്ചെടുത്തതായി കാണുന്നില്ല.

6.വെറ്ററിനറി സർജൻ, കൃഷി ഓഫീസർ എന്നീ നിർവഹണ ഉദ്യഗസ്ഥർ പ്രൊജക്ട് രജിസ്റ്റർ എഴുതിസൂക്ഷിക്കുന്നില്ല.

ഇൻകംബൻസി രജിസ്റ്റർ, ഓഫീസ് ഉത്തരവ് രജിസ്റ്റർ, ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20-6-2017 മുതൽ 21-6-17വരെ | 1-4-17 മുതൽ 31-5-17 വരെ | ലഭിച്ചിട്ടില്ല |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04-08-2012 മുതൽ 21-08-2012 വരെ | 2007-08 മുതൽ 2011-12 വരെ | 19-10-2012 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി പൂർണ്ണമായി പിരിച്ചെടുക്കുന്നില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ് പ്രകാരവും, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരവും പഞ്ചായത്ത് പ്രദേശത്ത് അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന സ്ഥാപനങ്ങൾ, തൊഴിലിൽ ഏർപ്പെടുന്ന വ്യക്തികൾ എന്നിവരിൽ നിന്നും നിർണ്ണയിക്കപ്പെട്ട നിരക്കിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ താഴെ ചേർത്തിട്ടുള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ.നം. | പേര് | അർദ്ധ വർഷം |
|---|---|---|
| 1 | യോഗ ക്ഷേമം ലോൺസ് | 2nd |
| 2 | ബേസ് അക്കാദമി | 1st &2nd |
| 3 | MIT കമ്പ്യൂട്ടർ സെന്റർ | 1st &2nd |
| 4 | അപ്പൂസ് സിനി മൂവീസ് | 2nd |
| 5 | മാസ് കോളേജ് | 2nd |
| 6 | കളക്ഷൻ ഏജന്റ്, KGB | 2nd |
| 7 | വിവ ടെക്സ്റ്റയിൽസ് | 1st &2nd |
| 8 | കല്ലിങ്ങൽ ടൈൽസ് | 1st &2nd |
| 9 | ബെസ്റ്റ് സെറാമിക്സ് | 1st &2nd |

| | | |
|---|---|---|
| 10 | എ.ബി.എച്ച്. ഫർണിച്ചർ | 1st &2nd |
| 11 | എ.എം മോട്ടോർസ് | 1st &2nd |
| 12 | പോപ്പുലർ മോട്ടോർസ് | 1st &2nd |
| പഞ്ചായത്ത് പരിധിയിൽ ജോലിയെടുക്കുന്ന, ആധാരമെഴുത്തുകാർ, കോൺട്രാക്റ്റർമാർ, എഞ്ചിനീയർമാർ, ഡോക്ടേഴ്സ്, വക്കീലൻമാർ തുടങ്ങിയ പ്രഫഷണൽസിന്റെ നികുതി ഈടാക്കിയിട്ടില്ല. | | |

ഗ്രാമപഞ്ചായത്തിലെ 2016-17 വർഷത്തിലെ തൊഴിൽ നികുതി റിട്ടേണുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ, സ്ഥാപന തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

| ക്രമ.നം. | പേര് | അർദ്ധ വർഷം |
|---|---|---|
| 1 | ബി.എസ്.എന്.എൽ | 1st &2nd |
| 2 | നിയോ ഹോസ്പിറ്റൽ | 2nd |
| 3 | യോഗ ക്ഷേമം ലോൺസ് | 2nd |
| 4 | ബേസ് അക്കാദമി | 2nd |
| 5 | MIT കമ്പ്യൂട്ടർ സെന്റർ | 1st &2nd |
| 6 | ESAP സ്വാശ്രയ മൾട്ടി കോ-ഓപ്പറേറ്റീവ് സോസൈറ്റി | 1st |
| 7 | അപ്പൂസ് സിനി മൂവീസ് | 2nd |
| 8 | മാസ് കോളേജ് | 2nd |
| 9 | പഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകൾ | 1st &2nd |

തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ അടവാക്കി അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.19/06-07-2017ന് മറുപടി ലഭിച്ചിട്ടില്ല )

## 2-2 പരസ്യ നികുതി ബൈലോ തയ്യാറാക്കിയിട്ടില്ല.

1994- ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ്- 209 പ്രകാരം, ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ ഏതെങ്കിലും ഭൂമിയിലോ കെട്ടിടത്തിൻമേലോ പരസ്യം പ്രദർശിപ്പിക്കുന്നതിന് അംഗീകരിച്ച ബൈലോ പ്രകാരമുള്ള നിരക്കിൽ പരസ്യ നികുതി ഈടാക്കാൻ നിഷ്കർശിച്ചിട്ടുണ്ട്. ബൈലോ തയ്യാറാക്കി അംഗീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് പരസ്യ നികുതിയിലൂടെ പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പര്യാപ്തമായ നിയമാനുസൃത നടപടികൾ കൈകൊള്ളേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.18/06-07-2017ന് മറുപടി ലഭിച്ചിട്ടില്ല )

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സാക്ഷരതാ പ്രേരക്മാർക്ക് ഹോണറേറിയം-തനത് ഫണ്ടിൽ നിന്നും ചെലവാക്കിയ തുക ക്രമീകരിക്കേണ്ടതാണ്

2016-17 വർഷത്തിൽ ശ്രീമതി എം വനജ,ശ്രീമതി കെ അജിതകുമാരി എന്നീ സാക്ഷരതാ പ്രേരക്മാർക്ക് ഓണറേറിയം നൽകുന്നതിനായി തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | കുടിശ്ശിക | തൻവർഷം | ആകെ ലഭിക്കാനുള്ള തുക |
|---|---|---|---|
| തനത് ഫണ്ടിൽ നിന്നും അനുവദിച്ച തുക കിട്ടാനുള്ളത് | 17400 | 113038 | 130438 |
| സാക്ഷരതാ മിഷനിൽ നിന്നും തൻവർഷം ലഭ്യമായത് | 17400 | 34800 | 52200 |
| ബാക്കി ലഭിക്കാനുള്ള തുക | - | 78238 | 78238 |

78,238 രൂപ സാക്ഷരതാമിഷനിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

## 3-2 കുടിവെള്ള വിതരണം-ആദായനികുതി അടവാക്കേണ്ടതാണ്.

2016-17 വർഷത്തിൽ വരൾച്ച ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി4-5-16 മുതൽ 18-5-16 വരെ പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുടിവെള്ള വിതരണം നടത്തുന്നതിനായി തനത് ഫണ്ടിൽ നിന്ന് താഴെ പറയും പ്രകാരം മുഹമ്മദ് ബഷീർ പൊറ്റയിൽ ഹൗസ് പാണ്ടിക്കാടിന് തുക അനുവദിച്ചിട്ടുണ്ട്.

| വൗച്ചർ നമ്പർ/തീയതി | തുക |
|---|---|
| 21600101/23-5-16 | 141000 |
| 21600148/7-6-16 | 148500 |

ഓഡിറ്റ് എൻക്വയറി നൽകിയതിനെത്തുടർന്ന് മേൽ പ്രവൃത്തിയിൽ നിന്നും 1% ആദായനികുതി 2,895 രൂപ ശ്രീ മുഹമ്മദ് ബഷീർ 117070102026/6-7-17 പ്രകാരം പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്.ആയത് ആദായനികുതി വകുപ്പിൽ അടവാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.6/03-07-2017ന് മറുപടി ലഭിച്ചിട്ടില്ല )

## 3-3 തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ് അടവാക്കൽ-സംയുക്ത പരിശോധന നടത്തേണ്ടതാണ്.

തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ് അടവാക്കുന്നതിനായി 2016-17വർഷത്തിൽ പ്രതിമാസം 12,493 രൂപ പ്രകാരം ആകെ 1,49,916 രൂപ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ പാണ്ടിക്കാടിൽ അടവാക്കിയിട്ടുണ്ട്. (കൺസ്യൂമർ നംമ്പർ-1165617008998)

തെരുവുവിളക്കുകളുടെ എണ്ണം ഇനം എന്നിവ കാണിക്കുന്ന രജിസ്റ്റർ പഞ്ചായത്തിൽസൂക്ഷിച്ചിട്ടില്ല.മീറ്റർ സമ്പ്രദായം നാളിതുവരെ ഏർപ്പെടുത്തിയിട്ടില്ല.കെ എസ് ഇ ബിയുമായി സംയുക്ത പരിശോധന നടത്തി തെരുവുവിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തി ആയതിനനുസരിച്ച് വൈദ്യുതിചാർജ് അടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 ആശ്രയ- രണ്ടാംഘട്ട പദ്ധതി ആരംഭിച്ചില്ല

സമൂഹത്തിലെ ഏറ്റവും അടിത്തട്ടിൽ കിടക്കുന്ന ദരിദ്രരും നിരാലംബരുമായ സാധാരണ ജനവിഭാഗത്തിന് ജീവിക്കാൻ ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കുകഎന്നതാണ് ആശ്രയ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.സ.ഉ(എംഎസ്) 4/2016 തസ്വഭവ 11-1-16 തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിലെ പൊതുനിർദ്ദേശങ്ങൾ 12.3 ൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ ഇല്ലായ്മകൾ

സ്ഥിതി വിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കി,ഒരു നിശ്ചിത കാലയളവിനുള്ളിൽ ഇല്ലായ്മകൾ പൂർണ്ണമായി പരിഹരിക്കുന്നതിനുള്ള ഒരു പദ്ധതിക്ക് ഓരോ തദ്ദേശസ്വയംഭരണസ്ഥാപനവും രൂപം നൽകണം.ദാരിദ്ര്യനിർമ്മാർജന ഉപപദ്ധതി തയ്യാറാക്കുന്നതിന്റെ മുന്നോടിയായി കുടുംബശ്രീ സംഘടനാ സംവിധാനത്തെ ഉപയോഗപ്പെടുത്തിക്കൊണ്ട് അയൽക്കൂട്ടതലത്തിലും വാർഡ് തലത്തിലും ഗ്രാമപഞ്ചായത്ത് തലത്തിലും പദ്ധതി തയ്യാറാക്കണം. ഇങ്ങനെ തയ്യാറാക്കുന്ന പദ്ധതികൂടി പരിഗണിച്ചുകൊണ്ടായിരിക്കണം ദാരിദ്ര്യനിർമ്മാർജന ഉപപദ്ധതിക്ക് രൂപം നൽകേണ്ടത്.ഇതിൽ മുകൾത്തട്ടിലേക്ക് നിർദ്ദേശിച്ച ഘടകങ്ങൾ ഉൾക്കൊള്ളുന്നതായിരിക്കണം. ദാരിദ്ര്യനിർമ്മാർജന ഉപപദ്ധതിയുടെ ഒരു ഘടകമെന്നനിലയിൽ ഒരോ ഗ്രാമപഞ്ചായത്തും അഗതികൾക്കുവേണ്ടി അനുബന്ധം 13 ൽ നൽകിയിട്ടുള്ള സേവന പാക്കേജ് പരിഗണിച്ച് ഒരു ആശ്രയ പദ്ധതി തയ്യാറാക്കേണ്ടതാണ് എന്നും ഉത്തരവിൽ പറയുന്നു.

2007 മുതൽ 2010 വരെ നടന്ന ഒന്നാംഘട്ടത്തിൽ പരിമിതമായ ഭൗതിക സൗകര്യങ്ങൾ മാത്രമാണ് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളത്.റീവിസിറ്റ് നടത്തിയതിനുശേഷം 2012-13 വർഷം വരെ പദ്ധതി ദീർഘിപ്പിച്ചുവെങ്കിലും പിന്നീട് തുടർപ്രവർത്തനങ്ങളൊന്നും നടത്തിയിട്ടില്ല.

ആശ്രയ ഒന്നാംഘട്ട പ്രോജക്ട് പ്രകാരം ഗുണഭോക്താക്കൾക്ക് ഭൗതികസൗകര്യങ്ങൾ നൽകുന്നതിന് ആശ്രയയുടെ അക്കൗണ്ടിലേക്ക്(അക്കൗണ്ട് നംമ്പർ 40188100111253 ,കേരള ഗ്രാമീൺ ബാങ്ക് പാണ്ടിക്കാട്)മാറ്റിയിട്ടുള്ള പദ്ധതിവിഹിതം പലിശ ഉൾപ്പടെ 17,67,127 രൂപ (31-3-17)നീക്കിയിരിപ്പുണ്ട്.

പദ്ധതിയുടെ രണ്ടാംഘട്ട പ്രോജക്ട് രൂപീകരണത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയുംഅംഗീകരിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടില്ല.വിലയിരുത്തൽ സമിതി യഥാസമയം യോഗം കൂടുകയോ ഫലപ്രദമായ മോണിറ്ററിംഗ് നടത്തുകയോ ചെയ്യുന്നില്ല.2016-17 വർഷത്തിൽ ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തി യാതൊരു സഹായവും നൽകിയിട്ടില്ല എന്നത് ഇക്കാര്യത്തിലുള്ള അനാസ്ഥ വെളിവാക്കുന്നു.ആശ്രയ പദ്ധതിയുടെ രണ്ടാംഘട്ടം നടപ്പിലാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.ചെലവ് തുക തടസ്സം ചെയ്യുന്നു

2016-17 വർഷത്തിൽ സെക്രട്ടറി നിർവഹണം നടത്തിയ താഴെ പറയും പ്രകാരമുള്ള ചെലവുകൾക്ക് ആധാരമായ രേഖകൾ ഹാജരാക്കിയില്ല. ഇതു സംബന്ധിച്ച് 5/3-7-17പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.എന്നാൽ മറുപടിയോടൊപ്പം ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കിയില്ല.

| ക്രമനംമ്പർ | വൗച്ചർ നംമ്പർ/ തീയതി | ഇനം | തുക | ബിൽ നംമ്പർ/ തീയതി | ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖ |
|---|---|---|---|---|---|
| 1 | 21600743/9-3-17 | എ കെ എം വിഹിതം അടവാക്കിയത് വികസനഫണ്ട് | 89115 | 13/16-17 9-3-17 | ഐകെഎം എക്സിക്യൂട്ടിവ് ഡയറക്ടറുടെ കൈപ്പറ്റ് രശീതി, വിനിയോഗസാക്ഷ്യപത്രം |
| 2 | 21600837/28-3-17 | ഐഎവൈ/പിഎംഎവൈ വിഹിതം അടവാക്കിയത് ജനറൽ വികസനഫണ്ട് | 200000 | 16/16-17 28-3-17 | വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ കൈപ്പറ്റ് രശീതി, വിനിയോഗസാക്ഷ്യപത്രം |
| 3 | 21600838/28-3-17 | ഐഎവൈ/പി എംഎവൈ വിഹിതം അടവാക്കിയത് പട്ടികജാതി വികസനഫണ്ട് എസ് സിപി | 1000000 | 15/16-17 28-3-17 | വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ കൈപ്പറ്റ് രശീതി, വിനിയോഗസാക്ഷ്യപത്രം |
| | | ആകെ | 12,89,511 | | |

രേഖകൾ ഹാജരാക്കുന്നതുവരെ 12,89,511 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-6 അംഗനവാടിക്ക് സ്ഥലം വാങ്ങൽ-ദാനമായി ലഭിച്ച സ്ഥലത്തിനുവേണ്ടി പണം പിൻവലിച്ചത് അംഗീകരിക്കുന്നില്ല.

പ്രോജെക്റ്റ് നംമ്പർ-S0051/17

അംഗനവാടിക്ക് സ്ഥലം വാങ്ങൽ

അടങ്കൽ-1,00,000രൂപ

തനത് ഫണ്ട്

നിർവഹണം-ഐ.സി.ഡി.എസ് സൂപ്പർവൈസർ

2016-17 വർഷത്തിൽ കുറ്റിപ്പുളി അംഗൻവാടിക്ക് സ്ഥലം വാങ്ങുന്നതിനായി തനത് ഫണ്ടിൽ നിന്നും (ചെക്ക് നംമ്പർ 9426057/25-1-17)ഒരു ലക്ഷം രൂപ പിൻവലിച്ച് ഡിഡിയായി(ഡിഡി നംമ്പർ 335003/3-2-17) സ്ഥലമുടമ ശ്രീ ഷംസുദ്ദീൻ കെ,കരുവത്തിൽ ഹൗസ് പാണ്ടിക്കാട് എന്നയാൾക്ക് നൽകിയിട്ടുണ്ട്.പാണ്ടിക്കാട് വില്ലേജിൽ റീസർവ്വേ നംമ്പർ 360 പ്രകാരം കുറ്റിപ്പുളിയിലാണ് (14ാം വാർഡ്)3 സെന്റ് സ്ഥലം വാങ്ങിയിട്ടുള്ളത്. മേൽ പ്രോജെക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയ്യൊഴിയലും )ചട്ടങ്ങൾ ചട്ടം 3(3) പ്രകാരം

നിർദ്ദിഷ്ട ആവശ്യത്തിന് വസ്തു അനുയോജ്യമാണെന്ന പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അനുയോജ്യതാ

സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല.

2 ) ശ്രീ കെ ഷംസുദ്ദീൻ പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് 24-12-2016 ന് എഴുതിക്കൊടുത്ത ദാനാധാര പ്രകാരം യാതൊരു പ്രതിഫലവും വാങ്ങാതെ അംഗനവാടിക്ക് സ്ഥലം വിട്ടു നൽകി എന്നു പറയുന്നുണ്ട്.എന്നാൽ തനത് ഫണ്ടിൽ നിന്നും ഒരു ലക്ഷം രൂപ ടിയാന് നൽകിയിട്ടുണ്ട്.

3) മേൽ ചട്ടത്തിലെ ചട്ടം 5(3) ൽ പരാമർശിച്ച ഫോറം 11ന് അനുയോജ്യമായിരിക്കുന്ന തരത്തിലല്ല ആധാരം രജിസ്റ്റർ ചെയ്തിരിക്കുന്നത്.

4 )മേൽ ചട്ടത്തിലെ 5(ബി)പ്രകാരം ആർജ്ജിക്കാൻ ഉദ്ദേശിക്കുന്ന വസ്തുവിന്റെ ഉടമസ്ഥാവകാശം ഗവ. പ്ലീഡററെക്കൊണ്ട് പരിശോധിപ്പിച്ച് റിപ്പോർട്ട് നൽകിയിട്ടില്ല.

5 )സ്ഥലം പഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

മേൽ വിവരങ്ങൾ ആരാഞ്ഞുകൊണ്ട് നംമ്പർ12/4-7-17 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.എന്നാൽ മറുപടി ലഭ്യമാക്കിയില്ല.1,00,000 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. മേൽ തുക തിരിച്ചടവാക്കേണ്ടതാണ്.

## 3-7 അംഗനവാടി പോഷകാഹാരം കെട്ടിടം എന്നിവ സംബന്ധിച്ച അപാകതകൾ

1. നിരീക്ഷണക്കമ്മിറ്റി രൂപീകരിച്ചില്ല

12ാം പദ്ധതി മാർഗ്ഗരേഖ സ.ഉ(എംഎസ്)4/2016 തസ്വഭവ 11-1-16 പ്രകാരംഅംഗനവാടികളിൽ നിന്ന് യഥാർത്ഥത്തിൽ പോഷകാഹാരം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്നവയുടെ ഗുണനിലവാരവും കൂടെ കൂടെ പരിശോധനയ്ക്ക് വിധേയമാക്കണം .ഇതിനായി ഗ്രാമസഭാ അംഗങ്ങളിൽ നിന്ന് പൊതുസമ്മതരായ 5 പേരടങ്ങുന്ന ഒരു അംഗനവാടി നിരീക്ഷണക്കമ്മിറ്റി രൂപീകരിക്കുകയും ഗ്രാമപഞ്ചായത്തിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.അപ്രകാരമുള്ള നിരീക്ഷണക്കമ്മിറ്റി രൂപീകരിച്ച് പഞ്ചായത്തിന് റിപ്പോർട്ട് നൽകിയിട്ടില്ല.

2. ന്യൂട്രിമിക്സ് സാമ്പിളുകൾ പരിശോധന നടത്തുന്നില്ല

1-2-10,5-6-10തീയ്യതികളിലെ സാമൂഹ്യക്ഷേമ ഡയറക്ടറുടെ ഐസിഡിഎസ് ബി3 312/10

കത്തിൽ ഓരോ രണ്ട് മാസത്തിലൊരിക്കലും ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ്ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാൻ നിർദ്ദേശിക്കുന്നുണ്ട്.2016-17 വർഷത്തിൽ പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിലെ വിവിധ അംഗനവാടികളിലേക്കായി 1830497 രൂപയുടെ ന്യൂട്രിമിക്സ് ഐഡിയൽ

ന്യൂട്രിമിക്സ് യൂനിറ്റ് പാണ്ടിക്കാട് നിന്നും വാങ്ങിയിട്ടുണ്ടെങ്കിലും ലാബ് പരിശോധനാ റിപ്പോർട്ട് ലഭ്യമാക്കിയില്ല.

3. അംഗനവാടി കെട്ടിടം അപകടകരമായ അവസ്ഥയിൽ

4-7-2017 ന് സ്ഥലപരിശോധന നടത്തിയപ്പോൾ കട്ടക്കുളം അംഗനവാടി (സെന്റർ 106,14ാം വാർഡ്) കെട്ടിടം അപകടകരമായ അവസ്ഥയിൽ സ്ഥിതി ചെയ്യുന്നത് കാണാൻ കഴിഞ്ഞു.ഓടുകൾ പൊട്ടി മഴയത്ത് ചോർന്നൊലിക്കുന്നു. മേൽക്കൂരയ്ക്ക് ബലക്ഷയം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. സ്വകാര്യവ്യക്തിയുടെ പറമ്പിലൂടെയാണ് അംഗനവാടിയിലേക്ക് വഴി ഏർപ്പെടുത്തിയിട്ടുള്ളത്.അംഗനവാടിയിൽ കുട്ടികൾ കുറവാണ്.അംഗനവാടിക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല.ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

## 3-8 തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണ പരിപാടി - തുടർ വിവരം ലഭ്യമാക്കിയിട്ടില്ല

വെറ്ററിനറി സർജൻ നിർവഹണം നടത്തിയ തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണ പരിപാടി എന്ന പ്രോജക്ടിന്റെ ഭാഗമായി ( പ്രോജക്ട് നമ്പർ. S0191/17), 1,00,000/- രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച്( ബിൽ നമ്പർ: 1/16-17 തിയതി 17-03-17) മൃഗ സംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ TSB അക്കൌണ്ടിലേക്ക്

02-06-2017-ാം തീയതി നിക്ഷേപിച്ചിട്ടുണ്ട്.(അക്കൌണ്ട് നമ്പർ: 79901140000305)

24.01.2017 ലെ ജില്ല പഞ്ചായത്ത് സെക്രട്ടറിയുടെ പി4-3532/16 നമ്പർ കത്തിൽ എ.ബി.സി പ്രോഗ്രാമിന്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിഹിതം നിക്ഷേപിക്കുന്നതിന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ആണ് തുക മാറ്റിയിരിക്കുന്നത്. എന്നാൽ, പദ്ധതിയുടെ നടത്തിപ്പിന്റെ യാതൊരു തുടർ വിവരവും ലഭ്യമാക്കിയിട്ടില്ല. അതിനാൽ, ചെലവ് തുക തടസ്സം ചെയ്യുന്നു.
ഓഡിറ്റ് എൻക്വയറി നം.13/04-07-2017ന് ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞിട്ടില്ലാത്തതിനാൽ പൂർത്തീകരിക്കുന്ന മുറക്ക് യൂട്ടിലൈസേഷൻ ലഭയമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 3-9 തുല്യതാ പഠന പദ്ധതി - രേഖകൾ ലഭ്യമാക്കിയിട്ടില്ല

2016-17 വർഷത്തിൽ ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ പ്രൊജക്റ്റ് നമ്പർ S 0230/17 തുല്യതാ പഠന പദ്ധതിയുടെ ധനകാര്യ വിശകലനം താഴെ കൊടുക്കുന്നു.

| ഇനം | വകയിരുത്തിയ തുക | ഫണ്ട് |
|---|---|---|
| പഠിതാക്കൾക്ക് ഫീസ് നൽകൽ | 1,50,000<br>ബിൽ നമ്പർ : 2/16-1/17.03.17 | വികസന ഫണ്ട് |
| | 5000<br>ചെക്ക് നമ്പർ : 193519/23.03.17 | തനത് ഫണ്ട് |
| | 90000<br>ചെക്ക് നമ്പർ : 1712615/08.03.17 | ഗുണഭോക്തൃ വിഹിതം (സ്ഥാപനത്തിൽ അടക്കുന്നത്) |

ആകെ - 2,45,000

മേൽ പ്രൊജക്റ്റിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 06-10-2009 ലെ 48360/എഫ്.എം.1/09 നമ്പർ സർക്കുലറിൽ പത്താം ക്ലാസ് തുല്യതാ കോഴ്സിന്റെ പട്ടിക ജാതി വിഭാഗത്തിൽ പെട്ട പഠിതാക്കൾക്കളുടെ കോഴ്സ് ഫീ,പരീക്ഷ ഫീ എന്നിവ പട്ടിക ജാതി/പട്ടിക വർഗ്ഗ വികസന വകുപ്പ് നൽകുന്നതിനാൽ തദ്ദേശ സ്വയം ഭരണ സ്ഥാപനം നൽകേണ്ടതില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ ഓഡിറ്റിനായി ഹാജരാക്കിയ ചെലവ് രേഖകളിൽ പഠിതാക്കളുടെ അപേക്ഷ, കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവ വെച്ചിട്ടില്ല. ആയതിനാൽ പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽ എത്ര പഠിതാക്കൾ ഉണ്ട് എന്നു കണക്കാക്കാൻ കഴിഞ്ഞിട്ടില്ല.

2) കേരള സ്റ്റേറ്റ് ലിറ്ററസി മിഷൻ ഡയറക്ടർക്ക് 2,40,000 രൂപ ( 150 പേർക്ക് 1600 രൂപ വീതം ) അപേക്ഷ ഫോറം രജിസ്ട്രേഷൻ ഫീസ്, രജിസ്ട്രേഷൻ ഫീസ് എന്നീ ഇനങ്ങളിലായി അക്കൌണ്ടിലേക്ക് നൽകിയിട്ടുണ്ട്. ( A/c No: 57026996123). കൈപ്പറ്റ് രശീതിയോ, പദ്ധതി പൂർത്തീകരണ സാക്ഷ്യ പത്രമോ, ലഭ്യമാക്കിയിട്ടില്ല. എത്ര പേർ പരീക്ഷ എഴുതി പാസ്സായെന്ന വിവരവും ലഭ്യമാക്കിയിട്ടില്ല.
രേഖകളുടെ അഭാവത്തിൽ, 2,40,000 രൂപ തടസ്സം ചെയ്യുന്നു. ഓഡിറ്റ് എൻക്വയറി നം.9/03-07-2017ന്

ലഭ്യമാക്കിയ മറുപടിയിൽ, പദ്ധതി പൂർത്തിയാക്കുന്ന മുറക്ക് അപാകത പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

## 3-10 വിജയഭേരി പദ്ധതി- ആവർത്തനം ഒഴിവാക്കിയില്ല

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് / നമ്പർ | വിദ്യാഭ്യാസ ഗുണ നിലവാരം മെച്ചപ്പെടുത്തൽ S0237/17 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| ചെലവ് | 50000(തനത് ഫണ്ട് ) ചെക്ക് നമ്പർ 1712606/15.02.17 |

ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. വിദ്യാഭ്യാസ ഗുണ നിലവാരം വർദ്ധിപ്പിക്കുക എന്നല്ലാതെ, എങ്ങിനെ ചെയ്യണം എന്നോ, എങ്ങിനെ, അതിന്റെ ഫീഡ് ബാക്ക് എങ്ങനെ പരിശോധിക്കണമെന്നോ പ്രോജക്റ്റിൽ വ്യക്തമാക്കിയിട്ടില്ല.

2. 12-ാം പദ്ധതി മാർഗ്ഗ രേഖ, ഖണ്ഡിക11.6(iii) പ്രകാരം(സ.ഉ.(എം.എസ്.)നമ്പർ 4/2016/തസ്വഭവ/11.01.2016), വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവർത്തനം ഒഴിവാക്കുന്നതിന് വേണ്ടി എസ്.എസ്.എ പ്രോജക്റ്റിൽ ഉൾപ്പെടുത്തി നടപ്പാക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടില്ല.

3. വിജയഭേരി എന്ന പേരിൽ വിദ്യാഭ്യാസ ഗുണ നിലവാരം മെച്ചപ്പെടുത്താൻ 50,000 രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും പദ്ധതി ലക്ഷ്യം കണ്ടോ എന്ന് വ്യക്തമാവുന്നില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-11 ആരോഗ്യ സർവ്വേ - പൂർത്തിയായിട്ടില്ല

അലോപ്പതി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പകർച്ച വ്യാധി നിയന്ത്രണം എന്ന പ്രോജക്ടിൽ (പ്രോജക്ട് നമ്പർ : S0044/17 ) 32080/- രൂപ ആരോഗ്യ സർവ്വേ നടത്തുന്നതിനായി ചെലവഴിച്ചിട്ടുണ്ട്.

| ചെക്ക് നമ്പർ / തീയതി | തുക |
|---|---|
| 1832487 / 22.03.17 | 14620 |
| 1832493 / 22.03.17 | 17460 |

എന്നാൽ, മേൽ സർവ്വേ പൂർത്തിയായ വിവരമോ, തൽ സ്ഥിതിയോ ഫയലിൽ നിന്നും ലഭ്യമല്ല. മേൽ രേഖകളുടെ അഭാവത്തിൽ, 32,080/- രൂപ തടസ്സം ചെയ്യുന്നു.

## 3-12 മരുന്ന് ലഭ്യമാക്കിയിട്ടില്ല

മെഡിക്കൽ ഓഫീസർ (ആരോഗ്യം)നിർവ്വഹണം നടത്തിയ വിവിധ പ്രോജക്റ്റുകളുടെ ഭാഗമായി മരുന്ന് വിതരണം ചെയ്യുന്നതിനായി KMSCL -ന് തുക മുൻകൂറായി നൽകിയിരുന്നു. എന്നാൽ തുക കൈപ്പറ്റി നാളിത് വരെയായിട്ടും മരുന്നുകൾ ഒന്നും തന്നെ, KMSCL ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്റ്റ് നമ്പർ | ബിൽ നമ്പർ/തീയതി | തുക | KMSCL ന് RTGS വഴി ട്രാൻസ്ഫർ ചെയ്ത തീയതി |
|---|---|---|---|
| S0007/17<br>പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ | 1/16-17/22.02.2017 | 200000 | 22.02.2017 |
| S0013/17 | 2/16-17/04.03.2017 | 383810 | 04.03.2017 |

| പരിരക്ഷ മരുന്ന് വിതരണം | | | |
|---|---|---|---|

നിർവ്വഹണ ഉദ്യോഗസ്ഥനെന്ന നിലയിൽ, ലഭിക്കാനുള്ള 5,83,810/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ മെഡിക്കൽ ഓഫീസർ നാളിത് വരെ തുടർനടപടികളൊന്നും തന്നെ സ്വീകരിച്ചിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതു വരെ 5,83,810/- രൂപ തടസ്സം ചെയ്യുന്നു.

## 3-13 ഔഷധിയിൽ നിന്നും മരുന്നുകൾ മുഴുവനായും ഇനിയും ലഭിച്ചിട്ടില്ല.

പ്രൊ. നം. 8/2017 : ആയുർവേദ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന വാങ്ങൽ

ബിൽ നം.1/16-17/ 31-1-17 : Rs. 3,00,000

മെഡിക്കൽ ഓഫീസർ, (ആയുർവേദം) നടപ്പാക്കിയ പ്രസ്തുത പ്രൊജക്ടു വഴി മരുന്നുകൾ വാങ്ങുന്നതിനായി ഔഷധിയ്ക്ക് 3ലക്ഷം രൂപ മുൻകൂർ നല്കിയിട്ടുണ്ട്. (രസീതി നം. 760/3137/ 11-2-2017 )

എന്നാൽ ഓഡിറ്റ് സമയത്തും ടി തുകയ്ക്കുള്ള മുഴുവൻ മരുന്നുകൾ ലഭിച്ചിട്ടില്ല. 13-6-2017 തിയ്യതി വരെ 3 ഗഡുക്കളായി 1,53,791 രൂപയുടെ മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. 1,46,209രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കുവാനുണ്ട്.

ഗഡുക്കളായി മരുന്നുകൾ ലഭിക്കുന്നതിനാൽ, ആകെ നല്കിയ മുൻകൂർ, ഇൻവോയ്സ് പ്രകാരം ക്രമീകരിച്ചത്, ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക എന്നീ വിവരങ്ങൾ ഇൻവോയ്സുകളുടെ ഓഫീസ് കോപ്പിയിൽ രേഖപ്പെടുത്തി നിരീക്ഷിക്കേണ്ടതും, 1,46,209 രൂപയുടെ മരുന്നുകൾ ലഭിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

പ്രതിമാസ വിനിയോഗ സാക്ഷ്യപത്രത്തിൽ ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില പഞ്ചായത്തിനെ അറിയിക്കേണ്ടതും, പഞ്ചായത്ത് ബാലൻസ് ഷീറ്റിൽ ഇക്കാര്യം ഉൾപ്പെടുത്തേണ്ടതുമാണ്.

അവശേഷിക്കുന്ന മരുന്ന് ലഭിക്കുന്നത് വരെ 1,46,209 രൂപയുടെ ചെലവു തടസ്സം ചെയ്യുന്നു.

## 3-14 കുടിവെള്ള പദ്ധതി -പൂർത്തീകരണ വിവരം ലഭ്യമല്ല.

പൂളമണ്ണ വളവ് കുടിവെള്ള പദ്ധതി 19/17 എന്ന പ്രോജകടിന് തനത് ഫണ്ട് 2.5 ലക്ഷവും പ്ലാൻ വിഹിതം അമ്പതിനായിരവും വകയിരുത്തിയിട്ടുണ്ട്.എസ്റ്റിമേറ്റിൽ പുതിയകിണർ കുഴിക്കുന്നതിനും 250 മീറ്റർ വിതരണലൈനും 50 മീറ്റർ പമ്പിങ്ങ്മെയിൻ സ്ഥാപിക്കുന്നതിനും, നാല് ടാപ്പുകൾ സ്ഥാപിക്കുന്നതിനുമാണ് തുക വകയിരുത്തുന്നത്.അളവ് പുസ്തകം 85/16 പ്രകാരം 24 മീറ്റർ പമ്പിങ്ങ് മെയിനും 194 മീറ്റർ വിതരണ സംവിധാനവും സ്ഥാപിച്ചിട്ടുണ്ട് എന്ന് കാണുന്നു. പ്രവർത്തിയുടെ ഫയൽ പരിശോധിച്ച് താഴെ കൊടുത്ത അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

- എസ്റ്റിമേറ്റ് റിപ്പോർട്ട് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല.

-കിണർ കുഴിച്ചു എന്ന് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ കിണറിൽ മതിയായ അളവിൽ വെള്ളം ലഭ്യമാണോ എന്നത് സംബന്ധിച്ച് യാതൊരു വിവരവും ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല.

-ടാങ്ക്, ടാങ്ക് ബേസ്, വൈദ്യുതി കണക്ഷൻ എന്നിവ നിലവിൽ പദ്ധതി പ്രദേശത്ത് സ്ഥാപിച്ചിട്ടുണ്ടോ എന്ന വിവരം ഫയലിൽ ഇല്ല .

-പൂർത്തീകരണം എന്നാണ് ഫയലിൽ രേഖപ്പെടുത്തിയത് എങ്കിലും മറ്റ് ഘടകങ്ങൾ എപ്രകാരം സംവിധാനിക്കപ്പെട്ടു എന്ന വിവരം ലഭ്യമാക്കേണ്ടതാണ്.

- ഈ പ്രവർത്തി മുൻവർഷം 240/16 പ്രോജക്ട് പ്രകാരം പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ എന്ത് കൊണ്ടാണ് പ്രവർത്തി നിർവഹിക്കാതിരുന്നത് എന്ന് വ്യക്തമല്ല.

-വർക്ക് ബിൽ പ്രകാരം 2,39,554 രൂപയുടെ പ്രവർത്തിമൂല്യം കണക്കാക്കിയ വർക്കിന് 16,770 രൂപ നികുതി വിഹിതവും കണക്കാക്കി 2,37,158 രൂപ കൺവീനർക്ക് നൽകുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട് .എന്നാൽ തനത് ഫണ്ട് വിഹിതം സംബന്ധിച്ച വിവരം ഫയലിലോ, കാഷ് ബുക്കിലോ രേഖപ്പെടുത്തിയിട്ടില്ല.

അപാകത ശ്രദ്ധയിൽ പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിയെ തുടർന്ന്, പ്രവൃത്തി പൂർത്തിയായിട്ടുണ്ട് എന്ന് എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചു. എന്നാൽ ഫയലിൽ പ്രവൃത്തിയുടെ പൂർത്തീകരണ വിവരങ്ങൾ ഇല്ല. പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 3-15 റോഡ് വർക്കുകൾ- സോളിങ്ങ് മാത്രം നിർവഹിച്ച് അവസാനിപ്പിക്കുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഓഡിറ്റ് വർഷത്തിൽ നടപ്പിലാക്കിയ 16 റോഡ് പ്രവൃത്തികൾ സോളിങ് മാത്രം ചെയ്ത് അവസാനിപ്പിച്ചിരിക്കുകയാണ്.

സോളിങ്ങ് മാത്രം ചെയ്ത റോഡുകളിൽ ഗതാഗതം അനുവദിച്ചിട്ടുള്ളതിനാൽ ആയത് പൊട്ടി പൊളിഞ്ഞ് പോവാൻ സാധ്യത ഏറെയാണ്. ഇത് കാരണം തുടർ വർഷങ്ങളിൽ പ്രസ്തുത റോഡുകളിൽ ടാറിങ്ങിനായി തുക വകയിരുത്തുമ്പോൾ വീണ്ടും വലിയ തുക ചെലവഴിച്ച് പാച്ച് സോളിങ്ങ് ചെയ്യേണ്ടതായി വരുന്നു. ഇത് ഗ്രാമ പഞ്ചായത്തിന്റെ ഫണ്ട് അനാവശ്യമായി ചെലവഴിക്കുന്നതിന് സാഹചര്യം ഒരുക്കുന്നു. ആയതിനാൽ റോഡ് പ്രവൃത്തികൾ സോളിങ്ങിൽ മാത്രം അവസാനിപ്പിക്കാതെ ടാറിങ്ങ് കൂടി ചെയ്ത് പൂർണ്ണമായും ഉപയോഗപ്രദമാക്കാൻ ഭരണ സമിതി ശ്രദ്ധിക്കേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തി | സോളിങ്ങ് ചെയ്ത ദൂരം | വൌച്ചർ നമ്പർ | തുക |
|---|---|---|---|
| 67/2017 തെക്കെപൊടിയാട്കോളനി പത്തായക്കല്ല് റോഡ് | 205 മീറ്റർ | 09/16-17 | 200000 |
| 126/2017 പൂളമണ്ണ ചെറുതോട് റോഡ് | 119 മീറ്റർ | 08/16-17 | 100000 |
| 124/2017 ഫാറൂക്ക്മുക്ക് പൂളക്കൽ റോഡ് റോഡ് | 232 മീറ്റർ | 07/16-17 | 199708 |
| 176/2017 കാളങ്കാവ് വാളങ്ങോട് റോഡ് | 172 മീറ്റർ | 49/16-17 | 200000 |
| 90/2017 കൊറ്റത്തോടൻമുക്ക് പാടത്ത്മുക്ക റോഡ് | 255 മീറ്റർ | 48/16-17 | 200000 |
| 73/2017 മരാട്ടപ്പടി ആനക്കോട് റോഡ് റോഡ് | 189 മീറ്റർ | 43/16-17 | 175000 |
| 78/2017 മുക്കട്ട വിഷ്ണക്ഷേത്രം റോഡ് | 287 മീറ്റർ | 39/16-17 | 300000 |
| 162/2017 പള്ളിപ്പടി കരുവാത്തിൽ പറമ്പ് റോഡ് | 236മീറ്റർ | 18/16-17 | 200000 |
| 179/2017 ഓാറവുംപുറം സുൽത്താൻപുഴ ചെറുകുന്നമ്മൽ റോഡ് | 121 മീറ്റർ | 17/16-17 | 150000 |

| | | | |
|---|---|---|---|
| 166/2017 ചീനിക്കാക്കുഴി വടക്കേക്കുളം റോഡ് | 140 മീറ്റർ | 16/16-17 | 110000 |
| 80/2017 സുൽത്താൻ റോഡ് പെടവണ്ണ റോഡ് | 128 മീറ്റർ | 13/16-17 | 100000 |
| 155/2017വെളുവപറമ്പ്പുളിക്കൽപൊയിൽറോഡ് | 128 മീറ്റർ | 12/16-17 | 100000 |
| 77/2017 തെക്കേമണ്ണആമക്കാട്പുഴക്കടവ് റോഡ് | 120 മീറ്റർ | 11/16-17 | 100000 |
| 175/2017 കാളംങ്കാവ് ഓട്ടുപാറക്കുന്ന റോഡ് | 195 മീറ്റർ | 53/16-17 | 150000 |
| 72/2017 പളിക്കൽ നിരവ് ആലങ്ങൽകള്ളി റോഡ് | 135 മീറ്റർ | 59/16-17 | 100000 |
| 161/2017 പയ്യപ്പറമ്പ് ഹൈസ്കൂൾ വാളാഞ്ചിറക്കുന്ന് റോഡ് | 250 മീറ്റർ | 80/16-17 | 97370 |

മേൽ റോഡ് പ്രവൃത്തികളിൽ ടാറിങ്ങ് വർക്ക് നടത്തുന്നതിന്ന് 2017-18 വർഷത്തിൽ തുക വകയിരുത്തിയത് എതെല്ലാം റോഡുകൾക്കാണ് എന്ന് വ്യക്തമാക്കേണ്ടതാണ്.

## 3-16 ടാർ വാങ്ങുന്നതിനായി തുക പിൻവലിച്ചു-പ്രവർത്തി ഓഡിറ്റ് വർഷം പൂർത്തിയായില്ല.

താഴെ രേഖപ്പെടുത്തിയ വൌച്ചറുകളിലായി അസിസ്റ്റന്റ് എൻജിനീയർ റോഡ് ടാറിങ്ങ് പ്രവർത്തികൾക്കായി ടാർ വാങ്ങുന്നതിന് തുക പിൻവലിച്ചു. ഇപ്രകാരം പിൻവലിച്ച തുക സെക്രട്ടറിക്ക് കൈമാറുകയും സെക്രട്ടറി ടാർവാങ്ങി കൺവീനർമാർക്ക് വിതരണം ചെയ്യുകയും ചെയ്തു എന്നാണ് വ്യക്തമാവുന്നത്.ഈ പ്രവർത്തികൾ ഒന്നും ഓഡിറ്റ് വർഷം പൂർത്തിയായിട്ടില്ല.ടാർ ഇഷ്യൂ ചെയ്ത വിവരം എ.ഇ. പ്രത്യേക സ്റ്റോക്ക് ഇഷ്യൂ രജിസ്റ്ററിൽ രേഖപ്പെടുത്തിയതായും കാണുന്നില്ല.

| പ്രോജക്ട് | ബിൽ നമ്പർ | തുക |
|---|---|---|
| 184/17 കരിങ്കാളിക്കാവ് റോഡ് | 14/14.03.2017 | 44119 |
| 106/17 പനമ്പറ്റ പൂൽവെട്ട റോഡ് | 15/14.03.2017 | 13062 |
| 163/17 കെളപ്പറമ്പ വാളങ്ങോടൻകുന്ന് റോഡ് | 16/14.03.2017 | 27864 |
| 99/17 ആനക്കാട്ടിരി അംഗനവാടി റോഡ് | 17/14.03.2017 | 21770 |

| | | |
|---|---|---|
| 82/17മോഡക്കുന്ന് റോഡ് | 18/14.03.2017 | 31599 |
| 119/17 ഹൈസ്കൂൾപ്പടി പുളിക്കൽപറമ്പ് റോഡ് | 19/14.03.2017 | 46561 |
| 125/17 വലിയത്രപ്പടി കോളനി രോഡ് | 20/14.03.2017 | 109961 |
| 158/17 ചിറ്റാടിപ്പാടം ഓരക്കുഴി റോഡ് | 21/14.03.2017 | 84265 |
| 110/17 ചുങ്കത്ത്കുന്ന് തടിയൽമല റോഡ് | 22/14.03.2017 | 123830 |
| 112/17ഓടോമ്പറ്റപിലാക്കൽചോല സ്മശാനം റോഡ് | 23/14.03.2017 | 38894 |
| 115/17 മണ്ണേങ്കുളം തൊടികപ്പുലം റെയിൽവേ റോഡ് | 24/14.03.2017 | 93033 |
| 74/17 താലപ്പൊലിപ്പറമ്പ കെടശ്ശേരി റോഡ് | 25/14.03.2017 | 148444 |
| 83/17 കരിങ്കുന്ന് കളപ്പാറ റോഡ് | 26/14.03.2017 | 68187 |
| 111/17 മുക്കട്ട ഏറിയാട് റോഡ് | 27/14.03.2017 | 139762 |
| 113/17 താലപ്പൊലിപ്പറമ്പ അർപ്പിനികുന്ന് റോഡ് | 28/14.03.2017 | 30997 |
| 167/17 കക്കുളം പടരക്കുന്ന് റോഡ് | 29/14.03.2017 | 46046 |
| 170/17 വില്ലേജ്പ്പടി ചൂരക്കാവ് റോഡ് | 30/14.03.2017 | 31114 |
| 183/17തമ്പാനങ്ങാടി തെറ്റത്ത് റോഡ് | 31/14.03.2017 | 21770 |
| 135/17 ഏറിയാട് പെരുമ്പല്ല് റോഡ് | 32/14.03.2017 | 42132 |

| | | |
|---|---|---|
| 165/17 കുറ്റിപ്പുളി കാവുങ്ങൽപറമ്പ് റോഡ് | 33/14.03.2017 | 82723 |
| 98/17 മണ്ണേങ്കുളം ഏടപ്പറ്റപൊയിൽ റോഡ് | 58/30.03.2017 | 97846 |
| 101/17 ചെമ്പ്രശ്ശേരി ഈസ്റ്റ് അംഗനവാടി റോഡ് | 59/30.03.2017 | 26123 |
| 120/17 പെരുമ്പയിൽ കോളനി റോഡ് | 60/30.03.2017 | 47953 |
| 182/17 കോളനിപ്പടി എരുമത്തല റോഡ് | 61/30.03.2017 | 43538 |
| 178/17 വളരാട്ഹെൽത്ത്സെന്റർ കാരാപ്പറമ്പ് റോഡ് | 62/30.03.2017 | 42132 |
| 245/17 പൂക്കുത്ത് മയ്യൻമല റോഡ് | 63/30.03.2017 | 61478 |
| 255/17 നിറവിൽകുന്ന് താഴത്തേതിൽ റോഡ് | 64/30.03.2017 | 20512 |
| 246/17 കോടാലിൽ കോളനി റോഡ് | 65/30.03.2017 | 39361 |
| 71/17 കൊടശ്ശേരി വീതനശ്ശേരി റോഡ് | 66/30.03.2017 | 31015 |
| 264/17 പൂക്കുത്ത് മഞ്ഞിലാംകുന്ന് റോഡ് | 67/30.03.2017 | 47677 |
| 69/17 അർപ്പിനിക്കുന്ന് നല്ലേങ്ങരമുക്ക് റോഡ് | 68/30.03.2017 | 42687 |
| 212/17 കാരായപ്പാറ ചോലയിൽകുന്ന് റോഡ് | 69/30.03.2017 | 21066 |
| 263/17 മുക്കിൽപീടിക പൂഴിക്കുന്ന് റോഡ് | 70/30.03.2017 | 69574 |
| 117/17 കക്കാടമ്മൽ പള്ളിപ്പടി റോഡ് | 71/30.03.2017 | 61405 |

| | | |
|---|---|---|
| 121/17 ഹൈസ്കൂൾപ്പടി രാജീവ്ഗാന്ധി റോഡ് | 72/30.03.2017 | 123031 |
| 177/17 വളരാട് കളത്തിലക്കാട് റോഡ് | 73/30.03.2017 | 53219 |
| 168/17 കല്ലേങ്ങാട്കുന്ന് റോഡ് | 74/30.03.2017 | 52666 |
| 174/17 രാജീവ്ഗാന്ധി കോട്ടക്കുന്ന് റോഡ് | 75/30.03.2017 | 44904 |
| 91/17 ചീനിക്കൽപ്പടി റോഡ് | 76/30.03.2017 | 87225 |
| 87/17 മൂരിപ്പാടം സ്കൂൾറോഡ് | 77/30.03.2017 | 36034 |
| 272/17 വളരാട് ജാതിക്കുണ്ട് ചീനിക്കാക്കുഴി റോഡ് | 94/30.03.2017 | 18294 |
| 108/17 കാരായപ്പാറ കാവുങ്ങപറമ്പ റോഡ് | 95/30.03.2017 | 124186 |
| 105/17 വള്ളുവങ്ങാട് റേഷൻഷോപ്പ് റോഡ് | 96/30.03.2017 | 21538 |
| 85/17 മൂരിപ്പാടം കുരിയാട്ടകുന്ന് റോഡ് | 97/30.03.2017 | 42132 |

മേൽ റോഡ് പ്രവൃത്തികൾ പൂർത്തിയാക്കാതിരുന്നത് എന്ത് കൊണ്ട് എന്ന് വ്യക്തമാക്കേണ്ടതാണ്. കൺവീനർമാർക്ക് ടാർ ഇഷ്യൂ ചെയ്ത തീയതി, അളവ് എന്നിവ വ്യക്തമാക്കേണ്ടതാണ്. കൂടാതെ പ്രവൃത്തിയുടെ പൂർത്തീകരണ വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്. ചെലവു തുക തടസ്സം ചെയ്യുന്നു.

## 3-17 മരാമത്ത് പ്രവൃത്തികൾ - പൊതു അപാകതകൾ

2016-17 ൽ ഗ്രാമ പഞ്ചായത്തിന്റെ മൊത്തം വാർഷിക പദ്ധതി ചെലവിന്റെ 24ശതമാനം പൊതുമരാമത്ത് പ്രവൃത്തികൾക്കാണ് വിനിയോഗിച്ചതെന്ന് കാണുന്നു. തനതു വിഹിതം ഉൾപ്പെടെ വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ട് വകയിരുത്തി അസി.എഞ്ചിനീയർ നിർവ്വഹണം നടത്താൻ 190 പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 65 എണ്ണം നടപ്പാക്കി. ഒരു അസി.എഞ്ചിനീയർ, 2 ഓവർസിയർ ഉൾപ്പെടുന്ന എൽ സി ജി ഡി എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മാനുഷിക വിഭവശേഷിയിൽ ഒതുങ്ങി നിൽക്കാത്ത എണ്ണത്തിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നത് പദ്ധതി നടത്തിപ്പിന്റെ ഗുണമേന്മയെ ഗൗരവമായി ബാധിക്കുന്ന വിഷയമാണ്.

വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്ന മരാമത്ത് പ്രവൃത്തികളുടെ പ്രോജക്ടുകൾ പരിശോധിച്ചതിൽ പദ്ധതികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ, കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ ലംഘിക്കപ്പെടുന്നതിന്റെ

വിശദാംശം താഴെ ചേർക്കുന്നു.

1.റോഡ് കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കാതെ പ്രവൃത്തികൾ ഏറ്റെടുക്കുന്നു

റോഡുകളുടെ പുനരുദ്ധാരണം, ടാറിംഗ്, റീടാറിംഗ് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയ റോഡിന്റെ വിശദാംശം, യുനീക്ക് നമ്പർ ഉൾപ്പെടെയുള്ള കാര്യങ്ങൾ പ്രോജക്റ്റ് ഫോറത്തിലും, എസ്റ്റിമേറ്റ് റിപ്പോർട്ടിലും രേഖപ്പെടുത്താൻ നിർദ്ദേശമുള്ളതാണ്. ആസ്തി രജിസ്റ്ററിന്റെ അപ്ഡേറ്റിംഗ് നടക്കാത്ത സാഹചര്യത്തിൽ ഇത്തരം നിർദ്ദേശങ്ങൾ പ്രയോഗതലത്തിൽ വരുത്താനായില്ല.

ഗ്രാമപഞ്ചായത്തുകൾ അവയുടെ അധികാര പരിധിയിൽ വരുന്ന ഹൈവേകളും മേജർ ജില്ലാ റോഡുകളുമായും ഏറ്റവും ചെറിയ ജനവാസ സ്ഥലങ്ങളിൽവരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടേയും ഒരു കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കാനും ബ്ലോക്ക് പഞ്ചായത്തിന് കൈമാറാനും പതിനൊന്നാം പഞ്ചവൽസര പദ്ധതി മുതലുള്ള മാർഗ്ഗരേഖകളിൽ നിർദ്ദേശമുള്ളതുമാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കണക്റ്റിവിറ്റി മാപ്പുകൾ തയ്യാറാക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കാനും 28.2.2015 നകം പൂർത്തീകരിക്കാനും തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014 സർക്കുലറിലും നിർദ്ദേശിച്ചതാണെങ്കിലുംആയതിനായി പ്രാരംഭ നടപടി പോലും പൂർത്തിയാക്കിയില്ലെന്ന് കാണുന്നു. എഞ്ചിനീയറിംഗ് സ്ഥാപനമേധാവികൾ കണക്റ്റിവിറ്റി പ്ലാനിന്റെ ആവശ്യകത തദ്ദേശഭരണ സ്ഥാപനങ്ങളെ ബോദ്ധ്യപ്പെടുത്താനും അതിനുള്ള പ്രോജക്റ്റ് നിർബന്ധമായും ഏറ്റെടുക്കാനുമുള്ള ചീഫ് എഞ്ചിനീയറുടെ 24.09.2014 ലെ DB2/8510/14 ലെ സർക്കുലറിലെ നിർദ്ദേശം അടിയന്തിരമായി നടപ്പിലാക്കേണ്ടതാണ്.

2.റോഡ് കോൺക്രീറ്റിംഗ് വ്യാപകമായി നിർവ്വഹിക്കുന്നു.

റോഡ് നിർമ്മാണം, മെച്ചപ്പെടുത്തൽ, പുനരുദ്ധാരണം എന്നിവയിൽ ചീഫ് എഞ്ചിനീയറുടെ നിലവിലുള്ള വ്യവസ്ഥകൾ പാലിച്ച് കൊണ്ട് മാത്രമേ കോൺക്രീറ്റിംഗ് പ്രവൃത്തികൾ ഏറ്റെടുക്കാവൂവെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയതാണ്. എന്നാൽ 3 മീറ്ററും അതിലധികവും വീതിയുള്ള റോഡിന്റെ ഉപരിതലം പോലും കോൺക്രീറ്റിംഗ് ചെയ്യുന്നു. മഴവെള്ളം കെട്ടി നിൽക്കുന്ന പ്രദേശം, കുത്തനെ കയറ്റമുള്ള റോഡ് പ്രതലം എന്നിങ്ങനെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയാണ്ഇത് ചെയ്യുന്നത്. എസ്റ്റിമേറ്റിൽ വ്യക്തമായ കാരണം രേഖപ്പെടുത്താതെയും കോൺക്രീറ്റിംഗ് വ്യാപകമായി ചെയ്യുന്നുണ്ട്. വീതി 3 മീറ്ററിൽ താഴെയുള്ള നടപ്പാതകളിൽ പൂർണ്ണമായും കോൺക്രീറ്റിംഗാണ് നിർവ്വഹിക്കുന്നത്. സബ് ബേസ് സ്ട്രെങ്തനിംഗ് ഉറപ്പ് വരുത്തിയ ശേഷവും 1:2:4 കോൺക്രീറ്റിംഗ് ചീഫ് എഞ്ചിനീയറുടെ നിർദ്ദേശ പ്രകാരമുള്ള 7.5 മീറ്റർ കനത്തിൽ നിർവഹിച്ചിട്ടുണ്ട് എന്നത് ശ്രദ്ധേയമാണ്.

മഴവെള്ളം ഒഴുകിപ്പോകാൻ വേണ്ട സംവിധാനങ്ങൾ ഒരുക്കി നിർമ്മാണത്തിനും മെയിന്റെനൻസിനും വലിയ സാമ്പത്തിക ചെലവ് വരുത്തിവെക്കുന്ന കോൺക്രീറ്റിംഗ് അവശ്യമായ സ്ഥലങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തേണ്ടതുണ്ട്. പഞ്ചായത്ത് ഭരണ സമിതിയും സാങ്കേതിക മേൽനോട്ടം വഹിക്കുന്ന അസി.എഞ്ചിനീയറും മേൽ നിർദ്ദേശം പരിശോധിച്ച് വ്യക്തമായ നിലപാട് സ്വീകരിക്കേണ്ടതാണ്.

3-വ്യാപകമായ തോതിൽ പ്രവർത്തികൾ ഉപേക്ഷിക്കുന്നു.

പഞ്ചായത്ത് തയ്യാറാക്കിയത് ആകെ 190 മരാമത്ത് പ്രോജക്ടുകളാണ്. ഇവയിൽ 81 പ്രോജക്ടുകൾക്ക് യാതൊരു ചെലവും തൽവർഷം ഇല്ല. 44 പ്രോജക്ടുകൾ ടാറിങ്ങ് പ്രവർത്തികളാണ്.ഇവക്ക് ടാർ വാങ്ങുന്നതിന് തുക പിൻവലിച്ചു എങ്കിലും യാതൊരു പ്രവർത്തിയും ഓഡിറ്റ് വർഷം പൂർത്തിയാക്കാനായില്ല.ഫലത്തിൽ 121 പ്രവർത്തികൾ തൽവർഷം പൂർത്തിയാക്കാൻ സാധിച്ചില്ല എന്ന് വ്യക്തം.

പ്രോജക്ടുകളുടെ ആധിക്യം പ്രവർത്തികൾ യഥാസമയം നിർവഹിക്കുന്നതിന് തടസ്സമാവുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

4.4 കോടി രൂപയുടെ മരാമത്ത് പ്രവർത്തികളാണ് ഈ വർഷം ഏറ്റെടുത്തത്. എന്നാൽ 1.3 കോടി രൂപയുടെ പ്രവർത്തികൾ മാത്രമാണ് നിർവഹിക്കാനായത്. അതായത് 29.59 % മാത്രമാണ് പൂർത്തിയാക്കിയത്. ഈ പ്രവർത്തികളിൽ തന്നെ 46 എണ്ണം ഒരു ലക്ഷം രൂപയിൽ താഴെയാണ് അടങ്കലും ചെലവും എന്നത് ശ്രദ്ധയിൽ പെടുത്തുന്നു.

പ്രവർത്തികളുടെ എണ്ണം കുറച്ച് , അടങ്കൽതുക കൂട്ടി കാര്യക്ഷമമായ രീതിയിൽ പ്രവർത്തികൾ സൂപ്പർവൈസ്

ചെയ്യാവുന്ന സാഹചര്യം ഉണ്ടാക്കുന്നതിൽ ഭരണസമിതി സത്വര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 3-18 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ- മരുന്ന് ലഭ്യമായില്ല

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയതാണ് 36/2017 എന്ന ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പ്രോജക്ട്.പ്രോജക്ടിനായി മെയിന്റനൻസ് നോൺ റോഡ് ഒരു ലക്ഷം രൂപയാണ് വകയിരുത്തിയത്.പ്രോജക്ട് നിർവഹണത്തിനായി ബിൽ 01/27.12.2016 പ്രകാരം ഒരു ലക്ഷം രൂപ പിൻവലിക്കുകയും ചെയ്തിട്ടുണ്ട്.

ആലപ്പുഴയിലെ Kerala State Homeopathic co-operative pharmacy യുടെ 636/13.12.2016 പ്രഫോർമ ഇൻവോയ്സ് പ്രകാരമാണ് തുക മുൻകൂറായി അടവാക്കുന്നത്.

എന്നാൽ നാളിത് വരെ മരുന്ന് ലഭ്യമായിട്ടില്ല എന്ന് ഫയലിൽ നിന്ന് വ്യക്തമാവുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| 1.ബ്ലോക്ക് പഞ്ചായത്ത്. | 2016-17 | 3,00,000 | പ്രൊജക്ട് നം. 159/2017. ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി നല്കൽ | 3,00,000 | ഇല്ല. |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | നല്കിയ വർഷം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | സമ്പൂർണ്ണ വൈദ്യുതീകരണത്തിന് പഞ്ചായത്ത് വിഹിതം നല്കൽ | 2016-17 | 7,04,122 | 7,04,122 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5,58,390 |
| തൻവർഷം നിക്ഷേപിച്ച തുക | 51,189 |
| ആകെ | 6,09,579 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 6,09,579 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| സഹകരണ സൊസൈറ്റി ഷെയറുകൾ | 5,000 |
| വെട്ടിക്കാട്ടിരി സർവീസ് സഹകരണ ബാങ്ക്<br>A/c no. 0020130006558. (Due date: 30-1-2018) | 6,04,579 |
| ആകെ | 6,09,579 |

The Malappuram District Panchayat Employees Co-op Society , Ltd No.M-567, Malappuram എന്ന സൊസൈറ്റിയിൽ 27-12-2001ന് 100 രൂപയുടെ 50 ബി ക്ലാസ് ഷെയറുകൾ എടുത്തിട്ടുണ്ടെങ്കിലും ആയതിന് നാളിതുവരെ യാതൊരു ലാഭവിഹിതവും ലഭിച്ചതായി കാണുന്നില്ല. ടി സൊസൈറ്റിയുമായി ബന്ധപ്പെട്ട് ലാഭവിഹിതം ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,72,62,375 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,37,43,173 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 100000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 48,93,339 രൂപ |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | സർചാർജ് ചെയ്യാവുന്നത് | |
| 3-6 | 100000 | ശ്രീമതി ഉമ്മുകുത്സു.എം., ഐ.സി.ഡി.എസ്.സൂപ്പർവൈസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 12,89,511 | ശ്രീ. ജോസ്പ്രകാശ്.ടി.ഐ, സെക്രട്ടറി |
| 3-8 | 1,00,000 | ഡോ.എം.രവികുമാർ, വെറ്ററിനറി സർജൻ |
| 3-9 | 2,40,000 | ശ്രീമതി കെ.ലത, ഹെഡ്മാസ്റ്റർ |
| 3-11 | 32,080 | ഡോ.സലീം ലാക്കൽ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 3-12 | 5,83,810 | ഡോ.സലീം ലാക്കൽ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 3-13 | 1,46,209 | ഡോ. ജോഷ്ന, മെഡിക്കൽ ഓഫീസർ,ആയൂർ വേദം |
| ആകെ | 48,93,339 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽ വിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|

| | | |
|---|---|---|
| ഉമ്മകുത്സു.എം., ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ, പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത് | കുണ്ടിൽ വീട്, ഇുവ്വൂർ.പി.ഒ., മലപ്പുറം ജില്ല-679327 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നുള്ള ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാത്ത ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | എൽ.എഫ്.എം.6/821/03 തി.01.11.2010 | 45 | |
| 1998-99 | എൽ.എഫ്.എം.6/1107/01 തി.01.11.2010 | 30 | |
| 1999-00 | എൽ.എഫ്.എം.6/1892/07 തി.01.11.2010 | 23 | |
| 2000-01 | എൽ.എഫ്.എം.6/1230/09 തി.01.11.2010 | 4 | |
| 2001-02 | എൽ.എഫ്.എം.6/1231/09 തി.01.11.2010 | 6 | |
| 2000-01, 2001-02 (ചെലവ്) | എൽ.എഫ്.എം.6/1812/04 തി.01.11.2010 | 52 | |
| 2002-03 | എൽ.എഫ്.എം.6/1232/09 തി.01.11.2010 | 30 | |
| 2003-04 | എൽ.എഫ്.എം.6/1413/09 തി.01.11.2010 | 36 | |
| 2004-05 | എൽ.എഫ്.എം.6/414/09 തി.01.11.2010 | 6 | |
| 2005-06 | എൽ.എഫ്.എം.7/407/11 തി.4.6.2011 | 9 | |
| 2006-07 | എൽ.എഫ്.എം.7/694/11 തി.3.8.2014 | 7 | |
| 2007-08 | എൽ.എഫ്.എം.7/779/09 തി.15.12.09 | 11 | |
| 2008-09 | എൽ.എഫ്.എം.7/1165/11 തി.12.7.2011 | 10 | |
| 2009-10 | എൽ.എഫ്.എം.7/1166/11 തി.11.7.2011 | 10 | |
| 2010-11 | എൽ.എഫ്.എം.7/764/12 തി.8.11.12 | 6 | |
| 2011-12, 2012-13 | എൽ.എഫ്.എം.7/1980/14 തി:3.12.2014 | 15 | |
| 2013-14 &2014-15 | എൽ.എഫ്.എം.7/1405/16 തി:14.06.2016 | 15 | |
| 2015-16 | കെ.എസ്.എ./എം.പി.എം.7/3207/17തി:8.2.2017 | 18 | |

ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

എം.എ.7/17

# ANNEXURE II

# AUDIT CERTIFICATE

No.KSA/MPM7/1563/2017

Kerala State Audit Department
District Audit Office ,Malappuram

Phone: 0483 -2734951

Email: dompm.ksad@kerala.gov.in

Date:26-07-2017

Certified that I have audited the Annual Financial Statement of Pandikkad Grama panchayath in Malappuram

District of the year ended on 31.3.2017 in accordance with section 4 of the Kerala Local Fund Audit Act 1994. Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Pandikkad Grama panchayath for the year 2016-17 except the observations in My audit report properly presents the picture of income and expenditure.

Deputy Director,

District Audit Office,Malappuram.

mac

**<u>അനുബന്ധം-1</u>**

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

കെ എസ് എ എം പി എം7/1563/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം
പിൻ- 676 505 ഫോൺ: 0483-2734951
ഇ-മെയിൽ: dompm.ksad@kerala.gov.in

തീയ്യതി 26-07-2017

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകപ്പ് ,ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്'ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പാണ്ടിക്കാട് ഗ്രാമ പഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽഅവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം,മലപ്പുറം.